File No.DT/2715/2019-F3

ഭരണഭാഷ മാതൃഭാഷ
വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

തൊഴിൽ ഭവൻ
തിരുവനന്തപുരം.33
തീയതി :13/05/2019

നം.--------------

## സർക്കുലർ

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-ഐടിഐകളിലെ ഇൻസ്പെക്ടർമാരുടെ പരിശോധനയുടെ പുരോഗതി സംബന്ധിച്ചുള്ള നിർദേശം

സൂചന:- 1) 3.11.2018, 31.12.2018, തീയതികളിൽ കൂടിയ യോഗങ്ങളിലെ മിനിട്സിലെ നിർദേശങ്ങൾ.
2) 25.3.2019 തീയതിയിലെ ട്രെയിനിംഗ് ഡയറക്ടറുടെ നോട്ടിലെ നിർദേശം.
3) 25.4.2019 തീയതിയിലെ DT/413/2019-F3 നമ്പരായ ട്രെയിനിംഗ് ഡയറക്ടറുടെ ഉത്തരവ്.

***************

സൂചന (1) (2) പ്രകാരം ട്രെയിനിംഗ് ഡയറക്ടറേറ്റിലെ ബഹു. ഡയറക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ വെച്ച് എടുത്ത തീരുമാന പ്രകാരം ട്രെയിനിംഗ് ഇൻസ്പെക്ടർമാർ അവരുടെ അധികാര പരിധിയിൽ വരുന്ന ഐടിഐകളിൽ ഓരോ മാസവും കുറഞ്ഞത് 6 ഐടിഐകളിൽ പരിശോധന നടത്തി റിപ്പോർട്ട് ട്രെയിനിംഗ് ഡയറക്ടർക്ക് സമർപ്പിക്കുന്നതിനായി നിർദേശം നല്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഐടിഐകളിൽ ഐടിമാരുടെ പരിശോധന നടന്നു വരുന്നത്. മേൽ സാഹചര്യത്തിൽ നിലവിലെ ഐടിമാരുടെ പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സൂചന (3) പ്രകാരം ഐടിമാരുടെ പരിശോധന റിപ്പോർട്ടുകൾ നിരീക്ഷിക്കുന്നതിനായി വകുപ്പിലെ മൂന്നു ഉദ്യോഗസ്ഥരെ ബഹു. ട്രെയിനിംഗ് ഡയറക്ടർ നിയോഗിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മോണിട്ടറിംഗ് റിപ്പോർട്ട് ബഹു. ഡയറക്ടർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, താഴെ പറയുന്ന കാര്യങ്ങൾ ബഹു. ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുകയും ഇൻസ്പെക്ഷൻ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ആയതു അടിയന്തിരമായി പരിഹരിച്ചു കൃത്യമായി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനും നിർദേശിച്ചിട്ടുണ്ട്.

1. വകുപ്പിൻ കീഴിലുള്ള എല്ലാ ഐടിഐകളിലും ഇതുവരെയും പരിശോധന പൂർത്തിയാക്കിയിട്ടില്ല. ഇനിയും പല ഐടിഐകളിലും പരിശോധന നടത്തേണ്ടതുണ്ട്.

2. ഐ ടി മാർ ഏപ്രിൽ മാസം പരിശോധന നടത്തിയ ഐടിഐകളുടെ എണ്ണത്തിൽ വളരെ കുറവുള്ളതായി കാണുന്നു.

3. 31.5.2019 തീയതിയ്ക്കകം തന്നെ ഇനിയും പരിശോധന പൂർത്തിയാക്കാനുള്ള എല്ലാ

**File No.DT/2715/2019-F3**

ഐ ടി ഐ കളിലും ആയത് പൂർത്തിയാക്കേണ്ടതാണ്.

മേൽ പരാമർശിച്ചിട്ടുള്ള നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർ നടപടികൾ ഐടിമാർ സ്വീകരിച്ച് സമയ ബന്ധിതമായി റിപ്പോർട്ട് ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

CHANDRASEKAR S #
ApprovedByDesignation#

സ്വീകർത്താവ്:-

എല്ലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും

പകർപ്പ്:-

1. ജോയിന്റ് ഡയറക്ടർ, ട്രെയിനിംഗ് ഡയറക്ടറേറ്റ്
2. ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ് ) ട്രെയിനിംഗ് ഡയറക്ടറേറ്റ് .
3. ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ് ) ട്രെയിനിംഗ് ഡയറക്ടറേറ്റ് .

**//അംഗീകാരത്തോടെ//**

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**